ഡ്രെയിനേജ് സംവിധാനങ്ങളുടെ അഭാവത്തിലും വാട്ടർ പൈപ്പുകളിലുള്ള ലീക്കേജ് മൂലവും ചില സ്ഥലങ്ങളിൽ റോഡുകളിൽ കേടുപാടുകൾ സംഭവിക്കുന്നുണ്ട്. ഇത്തരം കേടുപാടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കതന്നെ അവയ്ക്കുള്ള പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാന പാതകളിൽ പഞ്ചായത്തുകളിൽ നിന്നും സർക്കാർ ഏറ്റെടുത്ത് എം.ഡി.ആർ. ആയി വിജ്ഞാപനം പുറപ്പെടുവിച്ച റോഡുകൾ വർഷങ്ങളായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്താതിരുന്നതുകൊണ്ട് അടിക്കടി കേടുപാടുകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കേടുപാടുകൾ അതാത് സമയങ്ങളിൽതന്നെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) റോഡുകളിൽ അപകടങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയിൽ ഭൂരിഭാഗവും റോഡ്, ഉപയോഗിക്കുന്നവരുടെ അശ്രദ്ധമൂലമാണ് ഉണ്ടാകുന്നത്. റോഡുകളിലുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്.

സപ്ലൈകോ വിതരണം ചെയ്യുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധനവ്

28 (*118) ശ്രീ. എസ്. ശർമ്മ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോവഴി വിൽക്കുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ഉല്പന്നങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണ് വർദ്ധനവ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രാമത്തെ തവണയാണ് സപ്ലൈകോ വിതരണം ചെയ്യുന്ന വസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുന്നത്; വിശദമാക്കാമോ ;

(ഡി) പൊതു മാർക്കറ്റിൽ വിലക്കയറ്റം നിയന്ത്രണാതീതമായി തുടർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സപ്ലൈകോവഴി വിൽക്കുന്ന ഉല്പന്നങ്ങളുടെ വില കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഉണ്ട്. പൊതുവിപണി വിലയിൽനിന്നും 20 ശതമാനമോ സപ്ലൈകോയ്ക്ക് നഷ്ടമുണ്ടാകുന്നില്ലെങ്കിൽ 30 ശതമാനമോ കുറവിൽ സബ്സിഡി വില നിശ്ചയിക്കണമെന്ന് സർക്കാർ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) പൊതു വിപണിയിലെ അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് സപ്ലൈകോയുടെ വാങ്ങൽ വിലയിലും പ്രതിഫലിക്കുന്നുണ്ട്. വൻ വിലക്കുറവിൽ കുറഞ്ഞ അളവിൽ സാധനങ്ങൾ വിൽക്കുന്നതിനുപകരം അവശ്യ സാധനങ്ങളുടെ വില്പനവില യുക്തമായി പുനർനിർണ്ണയം ചെയ്ത് സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിപണിയിടപെടൽ കൂടുതൽ ഫലപ്രദമാകുന്ന ശാസ്ത്രീയമായ പൊതുവിപണിയിടപെടൽ തന്ത്രമാണ് സപ്ലൈകോ നിർവ്വഹിക്കുന്നത്.

പാതയോരങ്ങളിലെ മദ്യശാലകളും പരസ്യങ്ങളും

29 (*119) ശ്രീമതി ഗീതാ ഗോപി :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നീക്കം ചെയ്യണമെന്ന് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സുപ്രീം കോടതി നിയമിച്ച മൂന്നംഗ സമിതി ശിപാർശ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) പാതയോരങ്ങളിൽ നിന്ന് പരസ്യങ്ങൾ നീക്കം ചെയ്യുന്നതിനും കയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly